**15 -ാം കേരള നിയമസഭ**

**3 -ാം സമ്മേളനം**

**നക്ഷത്രചിഹ്നമിട്ട ചോദ്യം നം. 2** **04-10-2021 - ൽ മറുപടിയ്ക്ക്**

**സ്ത്രീകൾക്കെതിരായ അതിക്രമങ്ങൾ തടയാൻ നടപടി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. പി.പി. ചിത്തരഞ്ജൻ,<br>ശ്രീ. എ.എൻ.ഷംസീർ,<br>ശ്രീമതി കാനത്തിൽ ജമീല,<br>ശ്രീ ഡി കെ മുരളി | | Shri. Pinarayi Vijayan<br>(മുഖ്യമന്ത്രി) | |
| (എ) | സ്ത്രീനീതിക്കുവേണ്ടിയും ആത്മാഭിമാനക്ഷതത്തിനെതിരെയും പ്രതികരിച്ചതിന്റെ പേരിൽ സംസ്ഥാനത്തെ ഒരു പ്രമുഖ രാഷ്ട്രീയ പാർട്ടിയുടെ നേതൃത്വം ആ പാർട്ടിയിൽപ്പെട്ട വനിതാ പ്രവർത്തകർക്കെതിരെ നടപടി സ്വീകരിക്കുകയും കൂടുതൽ അവഹേളനത്തിനിരയാക്കുകയും ചെയ്തത് മൂലം സമൂഹത്തിൽ ഉളവായിട്ടുള്ളതായി പറയപ്പെടുന്ന തെറ്റായ പൊതുബോധം മാറ്റിയെടുക്കുന്നതിന് വ്യാപകമായ പ്രചരണം നടത്തുവാൻ സർക്കാർ തയ്യാറാകുമോ; | (എ) | പൊതുസമൂഹത്തിൽ സ്ത്രീകൾക്ക് തുല്യനീതിയും ലിംഗസമത്വവും സുരക്ഷിതത്വവും ഉറപ്പാക്കുന്നതിനായി Gender Awareness Programme ഉൾപ്പെടെയുള്ള വിവിധ ബോധവൽക്കരണ പ്രവർത്തനങ്ങൾ ഇലക്ട്രോണിക്-അച്ചടി മാധ്യമങ്ങൾ വഴി ഫലപ്രദമായി നടപ്പിലാക്കി വരുന്നു. ഇതോടൊപ്പം തന്നെ സ്ത്രീ സുരക്ഷയ്ക്കുള്ള നിയമപരിരക്ഷ, സേവനങ്ങൾ ഇവ നേടിയെടുക്കേണ്ടവിധം എന്നിവ സംബന്ധിച്ച ബോധവൽക്കരണവും നടത്തിവരുന്നുണ്ട്. രാത്രികാലങ്ങളിൽ സുരക്ഷിതമായും നിർഭയമായും സഞ്ചരിക്കാൻ നടപ്പിലാക്കിയ പദ്ധതിയായ 'സധൈര്യം മുന്നോട്ട്', 'പൊതുയിടം എന്റേതും' എന്ന പരിപാടിയുമായി ബന്ധപ്പെട്ട് നടത്തിയ രാത്രി നടത്തം, രാത്രികാല ഷോപ്പിംഗ് എന്നിവ കാലങ്ങളായി നിലനിൽക്കുന്ന ചിന്താഗതികളിൽ മാറ്റം വരുത്തുന്നതിന് സഹായക മായിട്ടുണ്ട്. സ്ത്രീശാക്തീകരണ നയം അനുശാസിക്കുന്ന പ്രകാരം സംസ്ഥാനത്തിലെ സ്ത്രീകൾക്ക് തുല്യ നീതി, തുല്യ അവസരം എന്നിവ ഉറപ്പ വരുത്താനും യാതൊരു തരത്തിലുമുള്ള അതിക്രമങ്ങൾക്കും ഇരയാകാതെ സ്വതന്ത്രമായും അന്തസോടെയും ജീവിതം നയിക്കുവാൻ ഉതകുന്ന പദ്ധതികളാണ് സർക്കാർ നടപ്പിലാക്കിവരുന്നത്. പൊതുസമൂഹത്തിന് തെറ്റായ സന്ദേശം നൽകുന്ന തരത്തിലുള്ള സ്ത്രീവിരുദ്ധ ഇടപെടലുകളിൽനിന്നും രാഷ്ട്രീയ പാർട്ടികളും സംഘടനകളും മാറി നിൽക്കണമെന്നതാണ് സർക്കാരിന്റെ നിലപാട്. സ്ത്രീ സമൂഹത്തിനെതിരായ തെറ്റായ പൊതുബോധം മാറ്റിയെടുക്കുന്നതിൽ സർക്കാരിനു പുറമേ രാഷ്ട്രീയപാർട്ടി കൾ, സംഘടനകൾ, സാമൂഹിക -സന്നദ്ധ സംഘടനകൾ |

| | | | |
|---|---|---|---|
| | | | എന്നിവയുടെ ഉത്തരവാദിത്തപ്പെട്ട നേതൃത്വത്തിനും ഗണ്യമായ പങ്ക് വഹിക്കാൻ കഴിയുന്നതാണ്. |
| (ബി) | സ്ത്രീകൾക്കെതിരായ അതിക്രമങ്ങൾക്കെതിരെ പരാതി നൽകുന്നതിനും ഗാർഹിക അതിക്രമങ്ങൾ ശാരീരികാക്രമണത്തിലേക്ക് നയിക്കാതിരിക്കുന്നതിനുമുള്ള പോലീസ് സംവിധാനം കൂടുതൽ കാര്യക്ഷമവും ഫലപ്രദവുമാക്കാൻ ഊന്നൽ നൽകുമോ എന്ന് വ്യക്തമാക്കുമോ; | (ബി) | സ്ത്രീകൾക്കെതിരായ അതിക്രമങ്ങൾ സംബന്ധിച്ച പരാതി aparajitha.pol@kerala.gov.in എന്ന ഇ-മെയിൽ വിലാസത്തിലും 9497996992 എന്ന നമ്പരിലും പരാതികൾ കൈകാര്യം ചെയ്യുന്നതിനുള്ള സംസ്ഥാനതല നോഡൽ ഓഫീസറുടെ 9497999955 എന്ന നമ്പരിലും അറിയിക്കാവുന്നതാണ്. നമ്പർ ഡയൽ ചെയ്യാൻ സാധിക്കാത്ത സാഹചര്യത്തിൽ ഫോണിന്റെ പവർ ബട്ടൺ 3 തവണ അമർത്തുമ്പോൾ പോലീസ് ആസ്ഥാ നത്തെ കമാന്റ് സെന്ററിൽ ലഭിക്കുന്ന സന്ദേശത്തിന്റെ അടിസ്ഥാനത്തിൽ പോലീസ് ഉദ്യോഗസ്ഥൻ തിരികെ വിളിച്ച് അന്വേഷിക്കുകയും അടിയന്തര പോലീസ് സഹായം നൽകി വരുകയും ചെയ്യുന്നു. ഗാർഹിക പീഡനങ്ങൾ നിയന്ത്രിക്കുന്നതിനും ജനങ്ങളിൽ ബോധവൽക്കരണം നടത്തുന്നതിനുമായി രൂപീകരിച്ച പിങ്ക് പ്രൊട്ടക്ഷൻ പ്രോജക്ട് വഴി സ്ത്രീകൾക്കാവശ്യമായ ബോധവത്കരണവും നിയമസഹായവും നൽകി വരുന്നു. സ്ത്രീകൾക്കും കുട്ടികൾക്കുമെതിരെയുള്ള ഗാർഹിക പീഡനങ്ങൾ തടയുന്നതിനും കുടുംബങ്ങളിൽ ജനാധിപത്യപരമായ നീതി ഉറപ്പ് വരുത്തുന്നതിനുമായി എല്ലാ പോലീസ് ജില്ലകളിലും Domestic Conflict Resolution Centres (DCRC) സ്ഥാപിച്ചിട്ടുണ്ട്. സ്ത്രീകൾക്കെതിരായ കുറ്റകൃത്യങ്ങൾ തടയുന്നതിലേയ്ക്കായി കൂടുതൽ വനിതാ പോലീസ് സ്റ്റേഷനുകളും സ്ഥാപിച്ചിട്ടുണ്ട്. |
| (സി) | സംസ്ഥാന പോലീസ് ഏർപ്പെടുത്തിയിട്ടുള്ള അപരാജിത, നിഴൽ എന്നീ പദ്ധതികളെ കുറിച്ച് വിശദമാക്കുമോ? | (സി) | ഗാർഹിക പീഡനം സ്ത്രീധനവുമായി ബന്ധപ്പെട്ട പരാതികൾ എന്നിവ സ്വീകരിക്കുന്നതിന് പോലീസ് വകുപ്പ് ഏർപ്പെടുത്തിയ സംവിധാനമാണ് 'അപരാജിത'. ഇത്തരം പ്രശ്നങ്ങൾ നേരിടുന്ന ആർക്കും aparajitha.pol@kerala.gov.in എന്ന ഇ-മെയിൽ വിലാസത്തിൽ പരാതി നൽകാവുന്നതാണ്. കൂടാതെ 9497996992 എന്ന നമ്പറിലും പരാതികൾ അറിയിക്കാം. പരാതികൾ കൈകാര്യം ചെയ്യുന്നതിനുള്ള സംസ്ഥാനതല നോഡൽ ഓഫീസറായി പത്തനംതിട്ട ജില്ലാ പോലീസ് മേധാവി ശ്രീമതി ആർ നിശാന്തിനി ഐ പി എസിനെ ചുമതലപ്പെടുത്തിയിട്ടുണ്ട്. പരാതികൾ 9497999955എന്ന നമ്പറിൽ നേരിട്ട് നോഡൽ ഓഫീസറെ അറിയിക്കാ വുന്നതാണ്. അസമയത്ത് വഴിയൽ ഒറ്റപ്പെട്ടു പോകുന്ന വനിതാ യാത്രക്കാർക്കും മുതിർന്ന പൗരൻമാർക്കും സുരക്ഷ ഒരുക്കുന്നതിനായി |

| | | | |
|---|---|---|---|
| | | | കേരള പോലീസ് നടപ്പിലാക്കിയ പദ്ധതിയാണ് 'നിഴൽ'. പോലീസ് ആസ്ഥാനത്ത് പോലീസ് കമാന്റ് സെന്റർ കേന്ദ്രമായാണ് ഈ പ്രത്യേക സംവിധാനത്തിന്റെ പ്രവർത്തനം. കേരളത്തിലെ എല്ലാ ജില്ലയിൽ നിന്നും ഏത് സമയവും 112 എന്ന ഫോൺ നമ്പറിൽ ബന്ധപ്പെടാവുന്നതാണ്. വിളിക്കുന്നയാൾ ഉള്ള സ്ഥലം ആധുനിക സാങ്കേതിക വിദ്യയുടെ സഹായത്തോടെ കൃത്യമായി മനസ്സിലാക്കാൻ കമാന്റ് സെന്ററിന് കഴിയും. നമ്പർ ഡയൽ ചെയ്യാൻ സാധിക്കാത്ത സാഹചര്യത്തിൽ ഫോണിന്റെ പവർ ബട്ടൺ 3 തവണ അമർത്തിയാൽ കമാന്റ് സെന്ററിൽ സന്ദേശം ലഭിക്കുകയും പോലീസ് ഉദ്യോഗസ്ഥൻ തിരികെ വിളിച്ച് വിവരം അന്വേഷിക്കുകയും ചെയ്യും. '112 ഇന്ത്യ' എന്ന മൊബൈൽ ആപ്പിലെ പാനിക് ബട്ടൺ അമർത്തിയാലും കമാന്റ് സെന്ററിൽ സന്ദേശമെത്തും. |

സെക്ഷൻ ഓഫീസർ